**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 595** **05-10-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി സഹകരണ സംഘങ്ങൾ - ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈത്തറി സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യത്തിന് ഫണ്ട് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇല്ല. കൈത്തറി വകുപ്പിനു കീഴിലുള്ള അർഹമായ നെയ്ത്തു സഹകരണ സംഘങ്ങൾക്ക് കൈത്തറി ഡയറക്ടറേറ്റ് മുഖേന ഫണ്ട് അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | കണ്ണൂർ ജില്ലയിലെ നിരവധി കൈത്തറി സഹകരണ സംഘങ്ങൾ വ്യത്യസ്തവും പ്രചുരപ്രചാരവുമുള്ള ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കാറുണ്ടെങ്കിലും ലാഭകരമായ വിൽപ്പന നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ; | (ബി) | ഉണ്ട്. ഇവ പരിഹരിക്കുന്നതിന് സർക്കാർ തന്നെ മുൻകൈയെടുത്ത് ഉത്സവ സീസണുകളിൽ കൈത്തറി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുകയും എക്സിബിഷൻ ഗ്രാന്റ് അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വിൽപ്പനയുടെ 20% സർക്കാർ റിബേറ്റായി അനുവദിച്ചു വരുന്നു. മറ്റു ജില്ലകളിലെ വിപണന മേളകളിലും കണ്ണൂർ ജില്ലയിലെ സംഘങ്ങൾ പങ്കെടുക്കാറുണ്ട്. |
| (സി) | കൈത്തറി സഹകരണ സംഘങ്ങളുടെ ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിദേശ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ മുൻകൈ എടുക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിഗണനയിലുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ, ഇ-കൊമേഴ്സ്, എം-കൊമേഴ്സ് എന്നീ ഓൺലൈൻ സംവിധാനങ്ങൾ വഴി അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബ്രാൻഡിംഗ് ഓഫ് വാല്യൂ ആഡഡ് ഹാന്റ്ലൂം പ്രോഡക്ട്സ് എന്ന പദ്ധ തിയുടെ ഭാഗമായി കൈത്തറി ഉൽപ്പന്ന ങ്ങൾക്ക് തനതായ ഒരു ബ്രാൻഡ് രൂപീകരി ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനുവേണ്ടി കൈത്തറി ഉൽപ്പന്നങ്ങൾക്കു വേണ്ട പ്രത്യേകമായ ലോഗോ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ലോഗോ രജിസ്റ്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ